# File No.LSGD-EW3/86/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ശ്രീമതി.ഹസ്ന പി.എ. അസിസ്റ്റന്റ് എൻജിനീയർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് പ്രയോജനപ്പെടുത്തിയ കാലയളവ് സാധൂകരിച്ച് ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യൂ.എ.) വകുപ്പ്**

സ.ഉ.(സാധാ) നം.2444/2021/ത.സ്വ.ഭ.വ  തീയതി,തിരുവനന്തപുരം, 01/12/2021

പരാമർശം:-

1. 28.06.2000 ലെ 5966/Adv.C3/2000/P & ARD നം.സർക്കുലർ.
2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 25.01.2020ലെ ഇ3-4400/2008/സി.ഇ/തസ്വഭവ(2) നമ്പർ നടപടിക്രമം.
3. ശ്രീമതി ഹസ്ന പി.എ. സമർപ്പിച്ച 03.02.2020 ലെ അപേക്ഷ
4. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18.02.2020ലെ ഇ3-4400/08/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.
5. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18.02.2020ലെ ഇ3-4400/2008/സി.ഇ/തസ്വഭവ നമ്പർ കത്ത്.
6. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 23.07.2020 ലെ ഇ3-4400/2008/സി.ഇ/തസ്വഭവ നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ആയി തിരഞ്ഞെടുക്കപ്പെടുകയും, തുടർന്ന് പരാമർശം 2 പ്രകാരം കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിൽ നിയമിക്കപ്പെടുകയും ചെയ്ത ശ്രീമതി ഹസ്ന പി.എ., ടിയാൾ ഇപ്പോൾ സെൻട്രൽ വാട്ടർ കമ്മിഷനിൽ ജൂനിയർ എഞ്ചിനീയർ ആയി സേവനമനുഷ്ഠിച്ച് വരികയാണെന്നതിനാൽ, തൽസ്ഥാനത്തു നിന്നും വിടുതൽ നേടുന്നതിന് കൂടുതൽ സമയം ആവശ്യമുള്ളതുകൊണ്ട്, തദ്ദേശ സ്വയംഭരണ വകുപ്പിൽ പ്രവേശിക്കുന്നതിന് 9 0 ദിവസം സമയം നീട്ടി നൽകണമെന്ന് പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അപേക്ഷകയ്ക്ക് പരാമർശം 4 പ്രകാരം 09.03.2020 വരെ, 45 ദിവസത്തെ സമയം നീട്ടി നൽകുകയും, തുടർന്ന് 4 5 ദിവസം കൂടി സമയം നീട്ടി നൽകുന്നതിന് പരാമർശം 5 പ്രകാരം അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. എന്നാൽ അപേക്ഷക സെൻട്രൽ വാട്ടർ കമ്മിഷനിൽ നിന്നും വിടുതൽ നേടുകയും ടിയാളെ 19.03.2020 ന് ജോലിയിൽ പ്രവേശിപ്പിക്കാൻ അനുവദിക്കുകയും കോഴിക്കോട് ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിൽ നിയമിക്കുകയും ചെയ്തതായി പരാമർശം 6 പ്രകാരം ചീഫ് എൻജിനീയർ അറിയിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി ശ്രീമതി ഹസ്ന പി.എ. സെൻട്രൽ വാട്ടർ കമ്മിഷനിൽ ജൂനിയർ എഞ്ചിനീയർ തസ്തികയിൽ നിന്ന് വിടുതൽ ചെയ്ത് സർക്കാർ സർവീസിൽ പ്രവേശിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ അനുവദിച്ച് നൽകിയ 4 5 ദിവസത്തെ കാലയളവിന് പുറമേ 19.03.2020 വരെ പ്രയോജനപ്പെടുത്തിയ കാലയളവ് സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

1. ശ്രീമതി ഹസ്ന പി.എ., അസിസ്റ്റന്റ് എഞ്ചിനീയർ (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)

2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by Sreekanth G
Date: 01-12-2021 16:52:10
സെക്ഷൻ ഓഫീസർ
Reason: Approved